# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുറപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.3-960/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 01/11/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുറപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.3-960/2023 തീയ്യതി: 01/11/2023

## ഇടുക്കി ജില്ലയിലെ പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-12-2022 മുതൽ 06-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 07-08-2023 | 11-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-08-2023 | 11-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. റ്റി. എസ്. ധനജയൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. എം. എസ്. രാജീവ്, ഓഡിറ്റ് ഓഫീസർ
ശ്രീ. ജോസഫ് ചാക്കോ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. അനീറ്റ പി. സാമുവൽ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. മായാകൃഷ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. തോമസ് പയറ്റനാൽ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി എ. ആർ. ഉഷ | സെക്രട്ടറി | 01-04-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പ്രിയ തോമസ് | കൃഷി ഓഫീസർ | 01-04-2022 | 29-07-2022 |
| ശ്രീമതി. ജെയ്സി മോൾ കെ.ജെ | കൃഷി ഓഫീസർ | 30-07-2022 | 31-03-2023 |
| ഡോ.ജെയ്സൺ ജോർജ് | വെറ്ററിനറി സർജൻ | 01-04-2022 | 01-07-2022 |

| | | | |
|---|---|---|---|
| ഡോ. അതുൽ മോഹൻ | വെറ്ററിനറി സർജൻ | 02-07-2022 | 31-03-2023 |
| ശ്രീമതി.ബുഷറ കെ | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ. സജിത ആർ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ. ബിന്ദു എം. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 15-06-2022 |
| ഡോ. മിനി പി. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 16-06-2022 | 31-03-2023 |
| ഡോ. രമ്യ ജോർജ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ശ്രീ. റിനു തോമസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി മെൽബി അഗസ്റ്റിൻ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി ബീന എസ്. | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീ. മനോജ് കെ.ബി. | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി എട്നാ ജോസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ബാധ്യത തുക തൻ വർഷം മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം | 1-1-2 |
| 4 | ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല | 1-1-3 |
| 5 | ചെലവുകൾക്ക് കൃത്യമായ ശീർഷകത്തിൽ "അക്രൂവൽ" ക്രമീകരണങ്ങൾ നടത്തുന്നില്ല | 1-1-4 |
| 6 | രജിസ്റ്ററുകൾ കാലികമല്ല | 1-1-5 |
| 7 | ജേർണൽ വൗച്ചറുകൾ - അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | ഗ്രാന്റ് വിനിയോഗം | 1-3 |
| 10 | റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 79.29 ശതമാനം മാത്രം | 1-3-1 |
| 11 | പദ്ധതി അവലോകനം | 1-4 |
| 12 | ആസ്തിപരിപാലനം | 1-4-1 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 14 | ക്ഷേമ പദ്ധതികൾ | 1-6 |
| 15 | ക്യാഷ് പരിശോധന | 1-7 |
| 16 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 17 | വസ്തു നികുതിയും അനുബന്ധ വരുമാന സ്രോതസ്സുകളും - അവലോകനം | 1-9 |
| 18 | വസ്തു നികുതി കുറവായി നിർണ്ണയിച്ച് ഈടാക്കി | 1-10 |
| 19 | സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-11 |
| 20 | ജൽജീവൻ മിഷൻ ഗുണഭോക്തൃവിഹിതമായി പിരിച്ച തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ അവശേഷിക്കുന്നു | 1-12 |
| 21 | ബാറ്ററി ഓപ്പറേറ്റഡ് ഗുഡ്സ് ഓട്ടോ - സൈഡ് വേലി നിർമ്മാണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-13 |
| 22 | ഹോമിയോ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-14 |
| 23 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-15 |
| 24 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-16 |
| 25 | സബ്സിഡി അധികം നൽകി | 1-17 |
| 26 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ - പ്രാരംഭ സർവ്വേ നടപടികൾ മാത്രം പൂർത്തിയാക്കിയിരിക്കുന്നു - ചെലവ് തടസ്സം | 1-18 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 KSAD ഓഡിറ്റ് മാനവൽ ചാപ്റ്റർ 4.2.1 & (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSA) ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1.11.3, സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 07.07.2023ലെ 1(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 11.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023ൽ അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C And AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C And AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും, ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും, അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും, ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും, വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി. പുറപ്പുഴ ഗ്രാമ പഞ്ചായത്തിന് 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ, സാമ്പത്തിക ഫലത്തെക്കുറിച്ചും, സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

| | |
|---|---|
| തൊടുപുഴ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| 01.11.2023 | ഇടുക്കി |

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ കണ്ടിൻജന്റ് ബാധ്യതകൾ 62(2)(എഫ്) അടിസ്ഥാന അനുപാതങ്ങൾ അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ എന്നിവ വാർഷിക കണക്കുകളോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ബാധ്യത തുക തൻ വർഷം മുന്നിരിപ്പായി

രേഖപ്പെടുത്തിയതിൽ വ്യത്യാസം

സ്ഥാപനത്തിന്റെ 2021-22 ബാലൻസ് ഷീറ്റിലെ പഞ്ചായത്ത് ഫണ്ട് ജനറൽ എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് (₹66,24,672.69) തൻ വർഷത്തെ ട്രയൽ ബാലൻസ് പ്രകാരമുള്ള ഇതേ ശീർഷകത്തിലെ മുന്നിരിപ്പുമായി (₹15,33,225.19) പൊരുത്തപ്പെടുന്നില്ല .

1-1-3 ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല

26.07.2011-ലെ ജി.ഒ(എം. എസ്.)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. Rate Of Depreciation, Book Value Of Asset, Life Time Of Asset എന്നിവ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

1-1-4 ചെലവുകൾക്ക് കൃത്യമായ ശീർഷകത്തിൽ "അക്രൂവൽ" ക്രമീകരണങ്ങൾ നടത്തുന്നില്ല

1) 2022-23 വർഷത്തെ കണ്ടിജന്റ് ചെലവുകൾ എല്ലാം 350109999-Amount Payable To Other Creditors എന്ന ശീർഷകത്തിലേക്ക് അക്രൂവലായി അക്കൗണ്ട് ചെയ്ത ശേഷമാണ് ചെലവ് ചെയ്തിരിക്കുന്നത്.

തൻവർഷം 1.89 കോടിയോളം രൂപ ടി ശീർഷകത്തിലേക്ക് അക്രൂവൽ ചെയ്ത് തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെലവുകൾ ഇനം തിരിച്ച് തന്നെ ബാധ്യത ശീർഷകങ്ങൾ ലഭ്യമായിരുന്നിട്ടും മേൽ പറഞ്ഞ ഒരു ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 350100501 | Amount Payable To Elected Representatives |
| 350100901 | Amount Payable To KSEB |
| 350100902 | Amount Payable To Telephone Charge |
| 350100903 | Amount Payable To KWA |

2) മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല

ബാലൻസ് ഷീറ്റ് B-18 പത്രികയിൽ 460500501 കണക്ക് ശീർഷകത്തിൽ പരാമർശിക്കുന്ന ₹1,30,000/- (Cheque No : 6584222, തീ. 25.04.2022 മഴക്കാല ശുചീകരണത്തിന് മെഡിക്കൽ ഓഫീസർക്ക് നല്കിയത്) തൻവർഷം തന്നെ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ അത് യഥാർത്ഥ ചെലവായി ക്രമീകരിച്ചിട്ടില്ല.

1-1-5 രജിസ്റ്ററുകൾ കാലികമല്ല

1) വായ്പ രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ വരവ്-ചെലവ് തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. വാർഷിക കണക്കിൽ വരവായി ചേർത്തിട്ടുള്ള ₹17,70,577/- (RP-31 പത്രിക) പലിശ ഉൾപ്പെടെയുള്ളതാണ് (1760000 + 10557 പലിശ) Balance Sheet B-5, B-16 തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല വ്യത്യാസമുള്ള ₹3,53,613/- ലോൺ അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടുണ്ട്. വാർഷിക കണക്കിലെ നീക്കിയിരിപ്പ് ലോൺ രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. തൻവർഷ തിരിച്ചടവിന് ശേഷം നീക്കിയിരിപ്പ് ₹50,97,629/- ആണെങ്കിലും വാർഷിക കണക്കിൽ നീക്കിയിരിപ്പ് ചേർത്തിരിക്കുന്നത് ₹51,07,885/- ആണ്. വാർഷിക കണക്കിലെ വിവരങ്ങളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ചെക്ക് ഇഷ്യൂ രജിസ്റ്റർ, ചെക്ക് ബുക്ക് സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. ILGMS-ൽ പ്രസ്തുത വിവരങ്ങൾ ലഭ്യമല്ല.

2) അഡ്വാൻസ് രജിസ്റ്റർ കാലികമല്ല

അഡ്വാൻസ് രജിസ്റ്ററിൽ മുന്നിരിപ്പ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഗ്രൗണ്ട് വാട്ടർ വകുപ്പിൽ CFC/XVI/2022-23/P/40/തീ. 05.01.2023 പ്രകാരം കുണിഞ്ഞി-നെല്ലാപ്പാറ-അമ്പാട്ട്-തട്ടാര കുഴൽ കിണർ മെയിന്റനൻസിന് നല്കിയ ₹22,000/- വാർഷിക കണക്കിൽ ചേർത്തിട്ടില്ല.

3) സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കുന്നില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58, 4(a) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും നടത്തുന്നില്ല.

4) ഗ്രാന്റുകളുടെ എ.സി.ആർ. സൂക്ഷിക്കുന്നില്ല

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ സൂക്ഷിക്കാത്തതിനാൽ ബി-4ൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത വ്യക്തമല്ല. പഞ്ചായത്ത് ഫണ്ടിൽ ബാധ്യതയായി നില നിൽക്കുന്ന തുകകളുടെ വിനിമയം രജിസ്റ്റർ സൂക്ഷിച്ച് നിരീക്ഷിക്കേണ്ടതാണ്. ഏതിനത്തിൽ ലഭിച്ചതാണെന്ന് വ്യക്തമല്ലാത്ത തുകകൾ കൃത്യമായ ശീർഷകങ്ങളിലേക്ക് അക്കൗണ്ട് ചെയ്യേണ്ടതാണ്.

1-1-6 ജേർണൽ വൗച്ചറുകൾ - അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല

1) ജേർണൽ ബുക്കിലെ ഓരോ ജേണൽ എൻട്രിയെയും സാധൂകരിക്കുന്ന വൗച്ചറുകൾ/വർക്ക് ഷീറ്റുകൾ സെക്രട്ടറി ആധികാരികമാക്കി സൂക്ഷിച്ചിട്ടില്ല.

2) Prior Period - വിശദാംശം ലഭ്യമല്ല

Prior Period ഇനങ്ങളെ സാധൂകരിക്കുന്ന സാക്ഷ്യപ്പെടുത്തിയ ജേർണൽ വൗച്ചറുകളും അനുബന്ധ രേഖകളും ലഭ്യമാക്കിയിട്ടില്ല. 290800701 – Prior Period Expenses-Miscellaneous Expenses ശീർഷകത്തിൽ ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്തത് വിശദീകരിക്കപ്പെട്ടിട്ടില്ല.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റിന്റെ അംഗീകാരം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | ഭരണ സമിതി തീരുമാനം |
|---|---|---|
| പ്രാഥമിക ബജറ്റ് | 1(1)/19.03.2022 | l(1)/22.03.2022 |
| പുതുക്കിയ ബജറ്റ് | 1(1)/07.03.2023 | 4(1)/23.02.2023 |

ബജറ്റിൽ പ്രതീക്ഷിച്ചിരുന്ന തുകകൾ

| ഇനം | പ്രാഥമിക ബജറ്റ് ₹ | പുതുക്കിയ ബജറ്റ് ₹ |
|---|---|---|
| മുന്നിരിപ്പ് | 3106928 | 4856953 |
| വരവ് | 115078000 | 107624193 |
| ആകെ | 118184928 | 112481146 |
| ചെലവ് | 307889000 | 109984263 |
| നീക്കിയിരിപ്പ് | 2156928 | 2496883 |

1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | അലോട്ട്മെന്റ്/ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 0 | 11297000 | 11297000 | 10090435 | - |
| | എസ്.സി.പി | 0 | 1189000 | 1189000 | 1071188 | - |
| | റ്റി.എസ്.പി | 0 | 164000 | 164000 | 155134 | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് TIED | | 688205 | 3461020 | 4149225 | 2187055 | 1015177 |
| Untied | | 10126 | 1561213 | 1571339 | 564299 | 1007040 |
| സംരക്ഷണ | റോഡിതരം | 0 | 4570000 | 4570000 | 3623661 | - |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് | റോഡ് | 0 | 5302000 | 5302000 | 4348782 | - |
| കേന്ദ്രാവിഷ്കൃത പദ്ധതി | തൊഴിലുറപ്പ് പദ്ധതി (എസ്റ്റാബ്ലിഷ്മെന്റ്) | 1184 | 851537 | 852721 | 848452 | 4269 |
| | തൊഴിലാളികളുടെ കൂലി & മെറ്റീരിയൽ | | 9154030 | 9154030 | 9154030 | |
| | ഐ.സി.ഡി.എസ് | 310184 | 375882 | 686066 | 686066 | 0 |
| | ടോട്ടൽ സാനിറ്റേഷൻ | 12000 | 0 | 12000 | 0 | 12000 |
| സംസ്ഥാ നാവിഷ്കൃത പദ്ധതി | ശുചിത്വമിഷൻ | 282464 | 59970 | 342434 | 300000 | 42434 |
| | ദുരിതാശ്വാസ നിധി | 11117 | 265 | 11382 | 0 | 11382 |
| | പകർച്ച വ്യാധി – ഡൊണേഷൻ | 10000 | 0 | 10000 | 0 | 10000 |
| | എം.എൽ.എ. ഫണ്ട് – 320200307 | 5099 | 321 | 5420 | 0 | 5420 |
| | സാക്ഷരത | 19111 | 1607 | 20718 | 0 | 20718 |
| | കേരളോത്സവം | 12728 | 0 | 12728 | 12728 | 0 |
| | പകർച്ചവ്യാധി നിയന്ത്രണ ഫണ്ട് | 504663 | 363229 | 867892 | 504663 | 363229 |
| | 320100999 | 10600 | 0 | 10600 | 32 | 10568 |
| | നിർമ്മൽ പുരസ്കാരം | 78449 | 0 | 78449 | 0 | 78449 |
| | 320200399 മറ്റ് ഗ്രാന്റുകൾ – ചലഞ്ച് ഫണ്ട് | 207391 | 0 | 207391 | 0 | 207391 |
| | 320300199 | 36088 | 1580000 | 1616088 | 336081 | 1280007 |
| | 320470040 | 11893 | 0 | 11893 | 0 | 11893 |
| | എൻ.എച്ച്.എം | 0 | 450000 | 450000 | 393575 | 56425 |
| | 320100152 | 1493 | 200000 | 201493 | 7452 | 194041 |
| | 320100196 | 0 | 1760326 | 1760326 | 1061948 | 698378 |
| | 320100202 ഹെൽത്ത് ഗ്രാന്റ് – പി.എച്ച്.സി | ० | 271876 | 271876 | 256867 | 15009 |
| | 320100204 ഹെൽത്ത് ഗ്രാന്റ് വെൽനസ് സെന്റർ | | 138428 | 138428 | 87001 | 51427 |

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്.

| ഫണ്ട് | ലൈഫ് ലോൺ (₹) | അംഗൻവാടി ഹോണറേറിയം (₹) |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 480415 | 700800 |
| വികസനഫണ്ട് (SCP) | 85132 | |
| വികസനഫണ്ട് (TSP) | 55799 | |

1-3-1 റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 79.29 ശതമാനം മാത്രം

നോൺറോഡ് മെയിന്റനൻസ് ഫണ്ട് വിഹിതമായ ₹45,70,000/-ൽ 2022-23 സാമ്പത്തിക വർഷം ₹36,23,661/- ചെലവഴിച്ചിട്ടുണ്ട്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2022-23 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ടിന്റെ പരമാവധി 20 ശതമാനം വരെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. അതിനാൽ ചെലവഴിക്കാത്ത ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം തുക ₹37,633/- ലാപ്സായി.

| അലോട്ട്മെന്റ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2023-24ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|
| 4570000 | 3623661 | 946339 | 79.29 | 914000 | 32339 |

## 1-4 പദ്ധതി അവലോകനം

2022-23 സാമ്പത്തിക വർഷം ജില്ലാ ആസൂത്രണ സമിതിയുടെ ഉത്തരവ് നം.677/22/DPC/DPO/IDK/06.03.2022 പ്രകാരം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികൾ | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയ പദ്ധതികൾ | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|
| 157 | 55653215 | 137 | 31243430 | 20 | 87% |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ % | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് % |
|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 4 | 4 | 100 | 746877 | 457116 | 61 |
| 2 | വെറ്ററിനറി സർജൻ | 4 | 4 | 100 | 787800 | 787800 | 100 |
| 3 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി/സി.എച്ച്.സി | 10 | 10 | 100 | 1469591 | 1199634 | 82 |
| 4 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 3 | 3 | 100 | 245000 | 244948 | 100 |
| 5 | മെഡിക്കൽ ഓഫീസർ - ആയുർവേദം | 10 | 10 | 100 | 1174500 | 1173599 | 100 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 9 | 8 | 89 | 1921071 | 914685 | 48 |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 6 | 100 | 2753500 | 2168350 | 79 |
| 8 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 6 | 6 | 100 | 3832288 | 2281083 | 60 |
| 9 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 40 | 37 | 93 | 6758519 | 3383989 | 50 |
| 10 | ഹെഡ്മാസ്റ്റർ, ഗവൺമെന്റ് എൽ.പി.സ്കൂൾ | 2 | 2 | 100 | 165000 | 164993 | 100 |
| 11 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 12 | 12 | 100 | 22191035 | 9323214 | 42 |
| 12 | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 51 | 35 | 69 | 13608034 | 9144019 | 67 |
| Total | | 157 | 137 | 87 | 55653215 | 31243430 | 56 |

### 1-4-1 ആസ്തിപരിപാലനം

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 2022-23 വർഷ പദ്ധതി രൂപീകരണത്തിനായി യഥാസമയം യോഗം ചേർന്നിട്ടുണ്ട്. എന്നാൽ പ്രസ്തുത കമ്മറ്റി പദ്ധതികളുടെ നിർവ്വഹണ ഘട്ടത്തിൽ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കണം എന്ന നിർദ്ദേശം പാലിക്കുന്നില്ല. ആസ്തികളുടെ വാർഷിക സ്ഥിതി വിവര കണക്ക് തയ്യാറാക്കുകയോ ആസ്തി പരിപാലന കലണ്ടർ തയ്യാറാക്കുകയോ ചെയ്തിട്ടില്ല. ആസ്തികളുടെ സ്ഥിതി വിവരത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണന ക്രമത്തിൽ ആസ്തി പരിപാലന പ്ലാൻ തയ്യാറാക്കി

അംഗീകരിച്ചതിന് ശേഷം മാത്രമാണ് പദ്ധതികൾ തയ്യാറാക്കേണ്ടത്. എന്നാൽ ഇത്തരത്തിൽ പ്ലാൻ തയ്യാറാക്കാതെ വാർഡ് തലത്തിൽ ഫണ്ട് വിഭജനം നടത്തുന്ന രീതിയാണ് അനുവർത്തിക്കുന്നത്. മാത്രമല്ല നിലവിലുള്ളതും പുതുതായി സൃഷ്ടിക്കപ്പെടുന്നതുമായ ആസ്തികളുടെ അസറ്റ് മാനേജ്മെന്റ് സംബന്ധിച്ച് പ്രതിമാസ, അർദ്ധ വർഷ, വാർഷിക അവലോകനം നടത്തുന്നില്ല. അസറ്റ് രജിസ്റ്റർ അപ്ഡേഷൻ നടത്തിയതിന്മേലുള്ള ഭൗതിക പരിശോധന, മോണിട്ടറിംഗ്, വിലയിരുത്തൽ എന്നിവ നടത്തുന്നില്ല.

വികസനഫണ്ട് പൊതുവിഭാഗവും ഫിനാൻസ് കമ്മീഷൻ ഗ്രാന്റും ഉപയോഗിച്ച് കെട്ടിടങ്ങൾ, റോഡ്, കലുങ്ക്, നടപ്പാത എന്നിങ്ങനെ പുതിയ ആസ്തികൾ നിർമ്മിക്കുകയും മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നിലവിലുള്ള ആസ്തികളുടെ നവീകരണവും നടത്തിയിട്ടുണ്ടെങ്കിലും മുൻവർഷങ്ങളിൽ ആർജിച്ച/നവീകരിച്ച ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. 2019-20 വർഷത്തെ ആസ്തികളുടെ മുന്നിരിപ്പും, നീക്കിയിരിപ്പുമാണ് 2022-23 വർഷത്തെ മുന്നിരിപ്പും, നീക്കിയിരിപ്പുമായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7/25.07.2023) മറുപടി ലഭ്യമാക്കിയില്ല. ആസ്തികൾ യഥാസമയം പരിപാലിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് നിർമ്മാണം നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി (എസ്റ്റാബ്ലിഷ്മെന്റ്) | 1184 | 851537 | 852721 | 848452 | 4269 |
| തൊഴിലാളികളുടെ കൂലി & മെറ്റീരിയൽ | 0 | 9154030 | 9154030 | 9154030 | 0 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2771000 | 255 |
| വിധവ പെൻഷൻ | 3500400 | 331 |
| വാർദ്ധക്യകാല പെൻഷൻ | 11416900 | 1148 |
| വികലാംഗ പെൻഷൻ | 1314000 | 121 |
| 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 239400 | 22 |
| തൊഴിൽ രഹിത വേതനം | 5760 | 4 |

## 1-7 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.08.2023-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹1,108/-യുടെ (ആയിരത്തി ഒരുന്നൂറ്റി എട്ട് രൂപ മാത്രം) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

1) ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്.

2) മിനിട്സ് ബുക്കുകൾ, ബിൽ രജിസ്റ്റർ, വൗച്ചറുകൾ തുടങ്ങിയവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. നിക്ഷേപ രജിസ്റ്റർ, മൂൻകൂർ രജിസ്റ്റർ, എന്നിവ കാലികമായ രേഖപ്പെടുത്തലുകളോടെ തയ്യാറാക്കിയിട്ടുണ്ടെങ്കിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ചെക്ക് ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
ജവഹർ ഭവന പദ്ധതി വായ്പാ രജിസ്റ്റർ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത രജിസ്റ്ററിലെ വിവരങ്ങൾ ബാങ്ക് ലഭ്യമാക്കിയ മുതൽ-കടം വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ലൈഫിന് വേണ്ടി സ്വീകരിച്ച വായ്പയുടെ യാതൊരു വിവരവും ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. വി.ഇ.ഒ. ലഭ്യമാക്കിയ വിശദാംശങ്ങൾ ആസ്പദമാക്കിയാണ് പ്രസ്തുത വിവരങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വായ്പ സ്വീകരണം-പ്രോജക്ട് നിർവഹണം എന്നിവ സംബന്ധിച്ച ഗൗരവമേറിയ പരാമർശങ്ങൾ മുൻ റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തിയിട്ടും കണക്കുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കാത്ത നടപടി ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

3) അതത് മാസങ്ങളിലെ വരവ്-ചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്.

4) ILGMS സോഫ്റ്റ് വെയറിലൂടെയുള്ള ഭരണനിർവഹണത്തിൽ പുരോഗതിയുണ്ട്.

5) വരവുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്.

6) വാഹനങ്ങളുടെ സൂക്ഷിപ്പിൽ ചട്ടങ്ങൾ പാലിക്കുന്നുണ്ട്. ലോഗ് ബുക്കുകളിൽ ഇന്ധനം നിറയ്ക്കൽ, ഉപഭോഗം, പ്രതിമാസ ക്ലോസിംഗ്, അറ്റകുറ്റപ്പണികൾ തുടങ്ങിയ വിവരങ്ങൾ കാലികമായി രേഖപ്പെടുത്തുന്നു.

7) സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ പൂർണമായിട്ടില്ല.

8) ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സംഘടിപ്പിക്കപ്പെട്ട ഓഡിറ്റ് അദാലത്തിനോട് ക്രിയാത്മകമായി പ്രതികരിച്ചതിനാൽ മുൻ വർഷങ്ങളിലെ ബഹു ഭൂരിപക്ഷം ഓഡിറ്റ് പരാമർശങ്ങളും തീർപ്പാക്കാൻ കഴിഞ്ഞത് മികച്ച നേട്ടമാണ്.

9) ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

10) വാർഷിക പദ്ധതി നിർവഹണത്തിൽ പുരോഗതി കൈവരിച്ചിട്ടുണ്ട്. ആകെയുള്ള 157 പ്രോജക്ടുകളിൽ 137 എണ്ണം നടപ്പാക്കി.

11) നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞു.

12) വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി മേൽനോട്ടം വഹിക്കുന്നു.

13) പ്രോജക്ടുകളുടെ കാര്യക്ഷമമായ പൂർത്തീകരണം വിലയിരുത്തുന്ന സമിതി റിപ്പോർട്ടുകൾ ഫയലുകൾക്കൊപ്പം സൂക്ഷിച്ചിട്ടില്ല.

14) സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിലും മരണപ്പെട്ട വ്യക്തികളുടെ പെൻഷൻ റദ്ദ് ചെയ്യുന്നതിലും കാര്യക്ഷമത കൈവരിച്ചിട്ടുണ്ട്.

15) വാർഷിക കണക്കുകൾ കൃത്യമായി ക്രോഡീകരിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. പല അക്കൗണ്ടിംഗ് രീതികളും കൃത്യമായി പാലിക്കാതിരുന്നതിനാൽ കണക്കുകളുടെ സമഗ്രതയ്ക്കും കൃത്യതയ്ക്കും ഭംഗം വന്നിട്ടുണ്ട്.

1-9 വസ്തു നികുതിയും അനുബന്ധ വരുമാന സ്രോതസ്സുകളും - അവലോകനം

പുറപ്പുഴ ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ പ്രധാന തനത് വരുമാന സ്രോതസ്സുകൾ വസ്തു നികുതി, തൊഴിൽ നികുതി, വാടക, വിവിധ ലൈസൻസ് ഫീസുകൾ, ലേലം വരവ്, പെർമിറ്റ് ഫീസ് എന്നിവയാണ്. ഇവയിൽ തന്നെ വസ്തു നികുതിയാണ് പ്രധാന വരുമാന സ്രോതസ്സ്. ബജറ്റിലെ പ്രതീക്ഷിത വസ്തു നികുതി വരുമാനമായി ₹26,00,000/- ആണ്

ഉദ്ദേശിച്ചിരുന്നെങ്കിലും വാർഷിക കണക്ക് പ്രകാരം ലഭ്യമായ നികുതി പിരിവ് ₹29,05,485/- ആണ്. ഡിമാന്റ് നോട്ടീസ് നൽകി വസ്തു നികുതി കുടിശ്ശിക പരമാവധി പിരിച്ചെടുക്കുന്നതിന് 28.04.2022ലെ 1-ാം നമ്പർ കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. 13 വാർഡുകൾ ഉള്ള പഞ്ചായത്തിൽ താഴെ സൂചിപ്പിക്കുന്ന പ്രകാരമാണ് സഞ്ചയ, വാർഷിക കണക്ക് എന്നിവ പ്രകാരമുള്ള വസ്തു നികുതി വരുമാനം.

| വസ്തു നികുതി | സഞ്ചയ പ്രകാരം (₹) | | | വാർഷിക കണക്ക് പ്രകാരം (₹) | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| പാർപ്പിടം (കുടിശ്ശിക) | 219631 | 208607 | 11999 | - | 208607 | 14268 |
| പാർപ്പിടം (തൻവർഷം) | 1229270 | 1209486 | 20566 | 1229270 | 1209486 | 21020 |
| പാർപ്പിടേതരം (കുടിശ്ശിക) | 566847 | 378806 | 188101 | - | 378806 | 188116 |
| പാർപ്പിടേതരം (തൻവർഷം) | 1157039 | 1108586 | 38781 | 1157039 | 1108586 | 38788 |
| ആകെ | 3172787 | 2905485 | 259447 | - | 2905485 | 262192 |

വസ്തു നികുതി സാംഖ്യ സഞ്ചയ കണക്കുകളിൽ വ്യത്യാസം കാണപ്പെടുന്നുണ്ട്. ആയതിനാൽ സാംഖ്യ-സഞ്ചയ ഇന്റഗ്രേഷൻ പൂർണ്ണമായിട്ടില്ലെന്ന് കരുതേണ്ടതുണ്ട്. ഇ-പേയ്മെന്റ് സംവിധാനം ഉപയോഗിച്ച് നികുതി ഒടുക്കുമ്പോൾ തന്നെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തുക ക്രെഡിറ്റ് ആവുന്നില്ല എന്നത് ടി കണക്കുകളുമായി ബന്ധപ്പെട്ട് ഓൺലൈൻ സംവിധാനത്തിലെ സാങ്കേതിക പിഴവ് ആണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം. 7/09-08-2023) മറുപടിയിൽ സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട്. വസ്തു നികുതി ഒഴികെയുള്ള നികുതി വരുമാനങ്ങളുടെ അക്കൗണ്ടിങ്ങ് ചട്ടപ്രകാരം പൂർണ്ണമായി നടത്തുന്നതിനാവശ്യമായ സോഫ്റ്റ്‌വെയർ അപ്ഡേഷൻ ഐ.എൽ.ജി.എം.എസ്.-ൽ ലഭ്യമല്ലാത്തതിനാൽ സ്ഥാപനത്തിന്റെ തനത് വരുമാന ലഭ്യതയുടെ വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ കൃത്യമായി പ്രതിഫലിക്കപ്പെടുന്നതിന് തടസ്സം നേരിടുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

01.04.2022ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് [2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ, ചട്ടം 17(2)]. പ്രസ്തുത ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമ പ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

അനധികൃത കെട്ടിട നിർമ്മാണങ്ങളെ സംബന്ധിച്ച രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. സഞ്ചയയിലും ഇത് സംബന്ധിച്ച് രേഖപ്പെടുത്തലില്ല. ഇപ്രകാരത്തിലുള്ള നിർമ്മാണം നടക്കുന്നത് സംബന്ധിച്ച ഫീൽഡ്തല പരിശോധന നടത്തുന്നില്ല. 2011ന് ശേഷം അനധികൃത നിർമ്മാണം സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലുകളും പഞ്ചായത്തിൽ ലഭ്യമല്ല. മുൻ വർഷങ്ങളിൽ കെട്ടിട നിർമ്മാണ പെർമിറ്റ് എടുത്ത് കാലാവധി കഴിഞ്ഞ ശേഷം പുതുക്കാത്തവയും പണി പൂർത്തിയാക്കി റെഗുലറൈസ് ചെയ്യാത്തവയുമായ നിർമ്മാണങ്ങളെ സംബന്ധിച്ച് പഞ്ചായത്തിൽ പരിശോധനയൊന്നും നടത്തുന്നില്ല. ഇത് സംബന്ധിച്ച് രജിസ്റ്ററുകളിൽ നിന്നും വിവരങ്ങൾ ഒന്നും ലഭ്യമല്ല. അനധികൃതമായി നിർമ്മിച്ചവയും വിസ്തീർണ്ണം കൂട്ടിച്ചേർക്കപ്പെട്ടവയുമായ കെട്ടിടങ്ങളിൽ നിന്നുള്ള നികുതി വരുമാന നഷ്ടത്തിന് ഉദ്യോഗസ്ഥ തലത്തിലുള്ള ഇത്തരം നിഷ്ക്രിയത്വം വഴി വെയ്ക്കുന്നു. 1994ലെ

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 235(എ) പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടം പണി പൂർത്തിയാക്കുകയോ അത് സെക്ഷൻ 203(2)ൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ആദ്യം വരുന്ന തീയതി മുതൽ കെട്ടിടം പൊളിച്ച് മാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടിയിരുന്ന വസ്തു നികുതിയും ഇതിന്റെ രണ്ടിരട്ടിയും ചേർന്നുള്ള തുക വസ്തു നികുതിയായി ഈടാക്കാവുന്നതായതിനാൽ ഇത്തരത്തിലുള്ള പരിശോധനകൾ നടത്താത്തത് ചട്ട വിരുദ്ധവും വരുമാന ചോർച്ചക്ക് കാരണവുമാണ്. യു.എ. നമ്പർ നൽകി ഇത്തരം നിർമ്മാണങ്ങൾ സംബന്ധിച്ച വ്യക്തമായ രേഖപ്പെടുത്തലുകൾ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

നികുതിയിളവ്, വേക്കൻസി റെമിഷൻ എന്നിവ സംബന്ധിച്ച ചർച്ചകളും തീരുമാനങ്ങളും വിവിധ പഞ്ചായത്ത് കമ്മിറ്റികളിൽ നടത്തുന്നുണ്ടെങ്കിലും വസ്തു നികുതി പിരിവ് സംബന്ധിച്ച കൃത്യമായ അവലോകനം ടി യോഗങ്ങളിൽ നടത്തുന്നതായി കാണുന്നില്ല. വസ്തു നികുതി നിർണ്ണയിക്കുന്നതിന് ജി.പി.എസ്. അധിഷ്ഠിത വിവര സങ്കേതങ്ങൾ ആവശ്യമെങ്കിൽ ഉപയോഗിക്കാവുന്നതാണ്. തറ വിസ്തീർണ്ണം, ഉപയോഗ ക്രമം എന്നിവയിലെ വ്യത്യാസം കണ്ടെത്തി വസ്തു നികുതി പുനർ നിർണ്ണയിക്കുന്നതിനും തത്ഫലമായി നികുതി വരുമാനം കൃത്യമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (G.O.(P)No.78/2019/LSGD/02.11.2019)ലെ ചട്ടം 21 പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്യുപൻസി നൽകിയ കെട്ടിടങ്ങളിന്മേൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതുണ്ട്. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോന്നറിയുന്നതിന് ഇപ്രകാരം പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് അനിവാര്യമാണ്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള (രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50എം. സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിന്മേൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ

തദ്ദേശ സ്വയം ഭരണ(ആർ.സി.) വകുപ്പിന്റെ 22-03-2023ലെ സ.ഉ.(കൈ)നം. 77/2023/ത.സ്വ.ഭ.വ. പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. 2023-24 മുതൽ വസ്തു നികുതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിൽ നടപ്പാക്കാൻ തീരുമാനിച്ചിരുന്നതും നടപ്പാക്കിയതുമായ കാര്യങ്ങൾ ഉൾപ്പെടെ പരിശോധിക്കുകയുണ്ടായി. 01-04-2023 മുതൽ വസ്തു നികുതി 5% വർദ്ധിച്ച് സഞ്ചയയിൽ അപ്ഡേറ്റ് ചെയ്ത് വന്നിട്ടുണ്ട്. 31-03-2023 വരെ നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങൾക്ക് 5% വർദ്ധനവ് വരുത്തിയുള്ള പുതുക്കിയ നിരക്കിലാണ് നികുതി ഈടാക്കുന്നത്. ഓരോ കെട്ടിടത്തിന്റെയും തരം അനുസരിച്ചുള്ള പുതുക്കിയ വസ്തു നികുതി നിരക്ക് 05-04-2023ലെ 2(4) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്ത് അംഗീകരിച്ചിട്ടുണ്ട്. സർവ്വേ നടത്തുന്നതിനായി അപേക്ഷകൾ ക്ഷണിച്ച് രണ്ട് വ്യക്തികളെ തെരഞ്ഞെടുത്തിട്ടുണ്ട്. പുതുക്കിയ നിരക്ക് പ്രകാരമുള്ള നികുതി രേഖപ്പെടുത്തുവാനുള്ള ഓപ്ഷൻ സോഫ്റ്റ് വെയറിൽ ലഭ്യമായിട്ടില്ല. ആയതിനാൽ പുതുക്കിയ വസ്തു നിരക്ക് സംബന്ധമായി സർവ്വേ മുതലായ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ സഞ്ചയയിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളത് പ്രദേശത്തിന്റെ നിലവിലെ വികസനം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. പുതുതായി സൃഷ്ടിക്കുകയോ വികസിപ്പിക്കുകയോ ചെയ്ത വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രഥമ, ദ്വിതീയ, തൃതീയ നിരക്കിലുള്ള നികുതി വർദ്ധനവും ഇളവും കൃത്യമാക്കേണ്ടതുണ്ട്. ഇതിന് വേണ്ട കൃത്യമായ ഫീൽഡ്

പരിശോധനകൾ നടത്തി അതിൻ പ്രകാരം വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

സേവന ഉപ നികുതി

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്ക് (ജല വിതരണം, ശുചിത്വ പരിപാലനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ്) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ജല വിതരണം, ശുചിത്വ പരിപാലനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് മുതലായ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. പുറപ്പുഴ ഗ്രാമപഞ്ചായത്തിൽ പരാമർശിത സേവനങ്ങൾ പൊതുജനങ്ങൾക്കായി ആവശ്യാനുസരണം ലഭ്യമാക്കി, സേവന ഉപനികുതി ഈടാക്കുന്നതിന് വേണ്ട നടപടികൾ ഭരണ സമിതി അംഗീകാരത്തോടെ നടപ്പാക്കാവുന്നതാണ്.

കെട്ടിട നിർമ്മാണ പെർമ്മിറ്റ്

പെർമിറ്റ് ലഭിച്ച് നിർമ്മാണം പൂർത്തിയാക്കുന്ന വാണിജ്യ കെട്ടിടങ്ങൾ വിഭജിച്ച് ഓരോ മുറികളായി തിരിച്ചത് പ്രകാരം കെട്ടിട നമ്പർ നൽകുന്ന രീതി പഞ്ചായത്തിൽ അവലംബിച്ചിട്ടുണ്ട്. എന്നാൽ ടി മുറികൾ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനായി വാടകയ്ക്ക് നൽകുന്നതിനായാണ് വെവ്വേറെ നമ്പറുകൾ നൽകിയതെന്നാണ് ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം. 6/09-08-2023) മറുപടിയിൽ അറിയിച്ചിട്ടുള്ളത്. വൻകിട വാണിജ്യ കെട്ടിട നിർമ്മാണം ഇല്ലാത്തതിനാൽ നിലവിൽ പഞ്ചായത്തിന് ഇതിലൂടെ വലിയ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ലെങ്കിലും ഭാവിയിൽ ഇത്തരം രീതി അവലംബിക്കുന്നപക്ഷം വിസ്തീർണ്ണം കുറഞ്ഞ കെട്ടിടം എന്ന ഗണത്തിൽ ഉൾപ്പെടുത്തി കുറഞ്ഞ നികുതി മാത്രമേ ഈടാക്കാൻ സാധിക്കു. ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ (ഉദാഹരണങ്ങൾ) ഖണ്ഡിക 1-10ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2019ലെ കേരള പഞ്ചായത്ത് (ബിൽഡിംഗ്) ചട്ടങ്ങൾ (SRO No. 819/2019/തീ. 08.11.2019) പ്രകാരം അനധികൃത നിർമ്മാണങ്ങൾ സർക്കാർ തീരുമാനിച്ച ബേസിക് കോമ്പൗണ്ടിംഗ് ഫീയും അഡീഷണൽ കോമ്പൗണ്ടിംഗ് ഫീയും അടവാക്കിക്കൊണ്ട് നിയമാനുസൃതമാക്കാൻ പൊതുജനങ്ങൾക്ക് അവസരം നൽകിയിരുന്നു. ഈ വിഷയത്തിൽ സെക്രട്ടറി സ്വീകരിച്ച നടപടികൾ പ്രത്യേക രജിസ്റ്ററിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് (അദ്ധ്യായം 20)ൽ പരാമർശിക്കുന്ന വ്യവസ്ഥകൾ കാണുക).

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ എന്നിവരിൽ നിന്ന് ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും സ്വയം തൊഴിൽ ചെയ്യുന്നവർ, അഭിഭാഷകർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ്ങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവരിൽ നിന്ന് നികുതി ഈടാക്കുന്നില്ല. ഇത്തരത്തിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും തൊഴിൽ നികുതി ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ബജറ്റ് പ്രകാരം ₹10,00,000/- ആണ് പ്രതീക്ഷിത വരുമാനം ₹9,79,610/- ആണ് തൻവർഷ നികുതി പിരിവ്.

വിവിധ തരം ലൈസൻസുകളിൽ നിന്നുള്ള വരുമാനം

വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ, ലോഡ്ജിങ്ങ് ഹൗസുകൾ, പാരലൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രി-അനുബന്ധ സ്ഥാപനങ്ങൾ, ഫാമുകൾ തുടങ്ങിയ സ്ഥാപനങ്ങൾ ലൈസൻസ് എടുത്താണ് പ്രവർത്തിക്കുന്നതെന്ന് പഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് എല്ലാ വാർഡിലെയും ട്രേഡേഴ്സ് ലിസ്റ്റ് എടുത്ത് വ്യാപാര സ്ഥാപനങ്ങളെ ലൈസൻസ്

എടുപ്പിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടെ 28-04-2022ലെ യോഗം തീരുമാനം (നം. 3) എടുത്തിട്ടുണ്ട്. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റ് ഫീൽഡ് പരിശോധന നടത്തി പുതുക്കുന്നില്ല. ആയതിനാൽ പല സ്ഥാപനങ്ങളും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതായി ഓഡിറ്റ് പരിശോധനയിൽ കാണാൻ കഴിഞ്ഞു. ബജറ്റ് പ്രകാരം ലൈസൻസ് ഫീസ് പ്രതീക്ഷിത വരുമാനം ₹1,50,000/- ആണെങ്കിലും തൻവർഷ വരവ് ₹1,02,825/- മാത്രമാണ്. ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച ലഭ്യമായ വിവരം ഖണ്ഡിക 1-11 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

വിനോദ സഞ്ചാര സാധ്യതയിലൂന്നിയുള്ള വരുമാന വർദ്ധന

പഞ്ചായത്തിലെ പ്രകൃതി രമണീയമായ പ്രദേശങ്ങളായ പരുന്തുംപാറ, കൊടികുത്തി, വെള്ളം നീക്കി പാറ എന്നീ സ്ഥലങ്ങളിൽ ടൂറിസം വികസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പഞ്ചായത്തിന്റെ വികസനവും ദീർഘകാല അടിസ്ഥാനത്തിലുള്ള തനത് വരുമാന വർദ്ധനയും ലക്ഷ്യമിടാവുന്നതാണ്.

വിനോദ നികുതി

അമ്യൂസ്മെന്റ് പാർക്കുകൾ, ടർഫ് കോർട്ട്, ഇൻഡോർ സ്റ്റേഡിയങ്ങൾ, നീന്തൽ കുളങ്ങൾ, കേബിൾ ടി. വി. നെറ്റ് വർക്ക്, പ്രദർശന വിപണന മേളകൾ എന്നിവ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്നപക്ഷം ഇവയിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് ഭരണസമിതി തീരുമാനമെടുത്ത് അനുകൂല ഉത്തരവിനായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുകയും വിനോദ നികുതി ഇനത്തിലുള്ള വരുമാനം ഉറപ്പ് വരുത്താവുന്നതുമാണ്

കെട്ടിട വാടക

പഞ്ചായത്തിന്റെ ആസ്തിയിൽപ്പെടുന്ന കെട്ടിടങ്ങളോ ഗ്രൗണ്ടുകളോ വാടക ലഭ്യമായേക്കാവുന്ന സാഹചര്യങ്ങളിലുള്ളവയുണ്ടെങ്കിൽ അവയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് വാടക ലഭ്യമാകാവുന്ന രീതിയിൽ ഉപയുക്തമാക്കാവുന്നതാണ്. വഴിത്തല വെയിറ്റിങ്ങ് ഷെഡിന് മുകളിലായി പഞ്ചായത്ത് 2018ൽ നിർമ്മിച്ച ഓപ്പൺ സ്റ്റേജ് പ്രതിദിനം പരമാവധി 4 മണിക്കൂർ നേരത്തേക്ക് ₹250/- നിരക്കിൽ വാടക ഈടാക്കുന്നതിന് 12-12-2018ലെ 6/1 നമ്പറായി കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. നിലവിൽ ടി സ്റ്റേജ് വാടകയ്ക്ക് നൽകുന്നുണ്ടോ എന്ന വിഷയത്തിൽ വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 11/തീ. 10-08-2023) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 2022-23 വർഷം സ്റ്റേജ് വാടകയ്ക്ക് നൽകുന്നതിനുള്ള പരസ്യപ്പെടുത്തലോ നടപടികളോ സ്വീകരിക്കാതെ നിർജ്ജീവ ആസ്തിയായി തുടരുന്നു. ആയത് വാടകയ്ക്ക് നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

തനത് വരുമാനം ലഭ്യമാകുന്നതിനുള്ള ഇ-പേയ്മെന്റ് പലിശരഹിത അക്കൗണ്ടിലെ ₹9,49,580/-ന്റെ നീക്കിയിരിപ്പ് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 12/തീ. 09-08-2023) നൽകിയിരുന്നു. തുക കൃത്യമായ ഇടവേളകളിൽ സേവിങ്സ് അക്കൗണ്ടിലേക്ക് മാറ്റി പലിശ ഇനത്തിലുള്ള നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച മറുപടിയിൽ പഞ്ചായത്ത് വ്യക്തമാക്കിയിട്ടുണ്ട്. ശുഷ്കമായ തനത് വരുമാന സ്രോതസുകൾ മാത്രം കൈമുതലായുള്ള ഗ്രാമപഞ്ചായത്തിന് അധിക വരുമാനം ലഭിക്കുന്ന തരത്തിലുള്ള യാതൊരു വികസന മുന്നേറ്റവും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. പുതിയ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തിയും നിലവിലുള്ളവ വികസിപ്പിച്ചും പഞ്ചായത്തിന്റെ സമ്പൂർണ്ണ വികസനത്തിന് അനുയോജ്യമായ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനും തത്ഫലമായി ജനങ്ങളുടെ സർവ്വ വിധേനയുള്ള പുരോഗതി ലക്ഷ്യം കൈവരിക്കുന്നതിനും ഭരണ സമിതിയുടെയും ഉദ്യോഗസ്ഥരുടെയും നിരന്തര ജാഗ്രതയും ശ്രദ്ധയും കൂട്ടായ പരിശ്രമവും ഉണ്ടാവേണ്ടതാണ്.

1-10 വസ്തു നികുതി കുറവായി നിർണ്ണയിച്ച് ഈടാക്കി

സഞ്ചയ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന ഒരു കെട്ടിട സമുച്ചയം മുറികളായി തിരിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രത്യേകം നമ്പറുകൾ നല്കിയത് പ്രകാരം കെട്ടിടം വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചത് മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപ ചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമാണ് വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേകമായി വസ്തു നികുതി നിർണയിക്കേണ്ടത് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203-ാം വകുപ്പ് 2, 7, 9 ഉപവകുപ്പുകളിൽ എപ്രകാരമാണ് നികുതി നിർണ്ണയിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുറികളായി തിരിക്കുന്നതിന്റെ അടിസ്ഥാനത്തിലല്ല എന്ന് വ്യക്തമാണ്. ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 200 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള ഒരു കെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, "വാണിജ്യാവശ്യങ്ങൾക്കുള്ള 100ച.മീ.-ക്ക് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ" എന്ന ഗണത്തിൽപ്പെടുത്തി ഒരു ച.മീറ്ററിന് ₹60/- നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 200 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് ₹80/- നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. ആകെ തറ വിസ്തീർണ്ണം 250 ച.മീ.-ൽ അധികരിക്കുന്ന വാണിജ്യ കെട്ടിടങ്ങൾക്ക് മേൽത്തരം തറ, ഇറ്റാലിയൻ മാർബിൾ എന്ന ഗണത്തിലുൾപ്പെട്ടാൽ 15% അടിസ്ഥാന നികുതിയിൽ വർദ്ധന വരുത്തേണ്ടതുമുണ്ട്. സഞ്ചയ പ്രകാരം ഈ ഗണത്തിൽ ഉൾപ്പെട്ടതിനാൽ ടി വർദ്ധനവ് കൂടി ഉൾപ്പെടുത്തി നികുതി കണക്കാക്കേണ്ടിയിരുന്നു. വസ്തുനികുതി കുറഞ്ഞ നിരക്കിൽ കണക്കാക്കിയത് മൂലം നഷ്ടം വന്നതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><th>കെട്ടിട ഉടമയുടെ പേര്</th><th>കെട്ടിട നമ്പർ/<br>വിസ്തീർണ്ണം</th><th>നികുതി ഈടാക്കിയ കെട്ടിടത്തിന്റെ തരം, നികുതി<br>₹</th><th>നികുതി ഈടാക്കേണ്ട കെട്ടിടത്തിന്റെ തരം, നികുതി<br>₹</th></tr>
<tr><td rowspan="10">ബിജു മോൻ<br>കെ.<br>ആർ.</td><td>I/90B<br>59.09</td><td rowspan="5">വാണിജ്യാവശ്യത്തിനുള്ള<br>100 ച.മീ.-ന് മുകളിൽ<br>വിസ്തീർണ്ണമുള്ള ഷോപ്പുകൾ<br>60</td><td rowspan="10">വാണിജ്യാവശ്യത്തിനുള്ള<br>200 ച.മീ.-ന് മുകളിൽ<br>വിസ്തീർണ്ണമുള്ള<br>ഷോപ്പിംഗ് മാളുകൾ, 80<br>(ഇവയിൽ G, K, L, M, N<br>എന്നീ നമ്പരുകളിലുള്ള<br>മുറികളുടെ നികുതി<br>നിർണ്ണയിച്ചിട്ടുള്ളത്<br>കൃത്യമായാണ്)</td></tr>
<tr><td>I/90C<br>59.09</td></tr>
<tr><td>I/90D<br>59.09</td></tr>
<tr><td>I/90E<br>59.09</td></tr>
<tr><td>I/90F<br>59.09</td></tr>
<tr><td>I/90G<br>210.98</td><td rowspan="5">വാണിജ്യാവശ്യത്തിനുള്ള<br>200 ച.മീ.-ന് മുകളിൽ<br>വിസ്തീർണ്ണമുള്ള ഷോപ്പുകൾ<br>80</td></tr>
<tr><td>I/90K<br>88.755</td></tr>
<tr><td>I/90L<br>48.705</td></tr>
<tr><td>I/90M<br>48.705</td></tr>
<tr><td>I/90N<br>129.485</td></tr>
</table>

ഇപ്രകാരം ഒരേ കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നതിന്

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 6/തീ. 09-08-2023) സമർപ്പിച്ച മറുപടിയിൽ, വ്യത്യസ്ത വ്യക്തികൾക്കായി വിവിധ ആവശ്യങ്ങൾക്ക് മുറികൾ നൽകിയിരിക്കുന്നു എന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. മറുപടി ചട്ടത്തിന് വിരുദ്ധമാകയാൽ (മേൽ കെട്ടിടത്തിൽ വാണിജ്യാവശ്യത്തിനുള്ള സ്ഥാപനങ്ങൾ മാത്രം പ്രവർത്തിക്കുന്നതിനാൽ) നികുതി പുനർ നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

## 1-11 സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിൽ വ്യാപാര-സംരംഭക പ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തികൾ പൂർണമായും ലൈസൻസിന്റെ പരിധിയിൽ വന്നിട്ടില്ലായെന്ന് രേഖകൾ സൂചിപ്പിക്കുന്നു. സഞ്ചയയിൽ വാണിജ്യ-അനുബന്ധ കെട്ടിടങ്ങൾ എന്ന ഗണത്തിൽ വസ്തു നികുതി ഒടുക്കുന്ന താഴെ പരാമർശിക്കുന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങൾ/ഫാമുകൾ ലൈസൻസ് കൂടാതെയാണ് പ്രവർത്തിക്കുന്നത്.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമയുടെ വിവരം | റിമാർക്സ് |
|---|---|---|---|
| 1 | I/207 | ജയശ്രീ, കുളപ്പിള്ളിൽ | |
| 2 | I/397 | പി. ജെ. ജോസഫ്, പനന്താനത്ത് | |
| 3 | 2/37 | ജോഷി വർഗ്ഗീസ്, കണ്ണാംതടത്തിൽ | |
| 4 | 2/204 | രാമകൃഷ്ണൻ | |
| 5 | 3/237 | കെ. എം. ചാക്കോ | |
| 6 | 6/233 A | നിർമലകുമാരി എം. എസ്. | |
| 7 | 7/227 | ജോബി സെബാസ്റ്റ്യൻ | |
| 8 | 9/143 B | മനോജ് ഇ. ആർ. | |
| 9 | 12/19 | സുനി മോൻ | |
| 10 | 1/47 A | കെ. സി. അലക്സാണ്ടർ, ബിന്ദു അലക്സാണ്ടർ | |
| 11 | 12/147 D | മോളി ജോൺസൺ, ജോൺസൺ ജോസഫ് | |
| 12 | 12/176 | പി. സി. അഗസ്റ്റിൻ | |
| 13 | I/41 | മത്തായി ജോസ് | |
| 14 | I/190 | സാലി ബേബി | |
| 15 | 2/4 | പി. ആർ. മാധവൻ | |
| 16 | 2/36 | ജോഷി വർഗ്ഗീസ് | |
| 17 | 2/54 B, E | ജോൺ അഗസ്റ്റിൻ | ഫാം |
| 18 | 2/54 C | അഗസ്തി ഉലഹന്നാൻ | ഫാം |
| 19 | 2/141 | ജോസ് ജോസഫ് | ഫാം |
| 20 | 2/258 A | സാറ | |
| 21 | 2/262 A | ഏലിയാമ്മ | |
| 22 | 3/150 A | സന്തോഷ് എൻ. കെ. | |
| 23 | 3/177 | റ്റി. എ. ജോർജ്ജ് | |
| 24 | 3/262 A | ലൂക്ക വർക്കി | ഫാം |
| 25 | 3/282 A | ജോസഫ് ചാക്കോ | ഫാം |
| 26 | 3/284 | ജെയ്മോൾ | |
| 27 | 3/285 | ജെയ്മോൾ | |
| 28 | 4/42 A | അനിൽ കുമാർ, ജിഷ | ഫാം |
| 29 | 5/43 A | പവിത്രൻ, ശാന്ത | |
| 30 | 53 B, E | ശശിധരൻ നായർ | ഫാം |
| 31 | 5/108 A, B | പി. എം. രവീന്ദ്രൻ | |
| 32 | 5/113 A | മഞ്ജു | |
| 33 | 5/124 A | ജോർജ്ജ് | ഫാം |

| | | | |
|---|---|---|---|
| 34 | 5/124 B | തോമസ് | |
| 35 | 5/144 | കെ. പി. ബേബി | |
| 36 | 5/145 | ദേവസ്യ മാത്യു | ഫ്ലാറ്റ് |
| 37 | 5/154 | ലളിത രാജൻ | |
| 38 | 5/177 B | ജാസ്മിൻ ജെയിംസ് | ഫ്ലാറ്റ് |
| 39 | 6/103 A | ജോസ് ജോസഫ് | |
| 40 | 6/158 A | ജെയിംസ് ജോൺ | |
| 41 | 7/45 A | കുഞ്ഞൻ | |
| 42 | 7/51 A | സുജാത കെ. പി. | ഫ്ലാറ്റ് |
| 43 | 7/105 A | രാധാകൃഷ്ണൻ നായർ | |
| 44 | 7/192 A | മുത്തുവീരൻ പിള്ള | ഫ്ലാറ്റ് |
| 45 | 7/254 | അഗസ്റ്റി മൈക്കിൾ | |
| 46 | 8/4 | വി. ഡി. സെബാസ്റ്റ്യൻ | |
| 47 | 8/201 A | സോമൻ | |
| 48 | 10/74, 75 | പദ്മനാഭൻ ഭാസ്കരൻ | |
| 49 | 10/158 C | മഹേഷ്, മുണ്ടിയാങ്കൽ | |
| 50 | 10/159 B | ജോസ്മോൻ സ്റ്റീഫൻ | |
| 51 | 11/95 A | വിശ്വംഭരൻ | |
| 52 | 11/136 C | അഭിജിത് പ്രഭാകരൻ | |
| 53 | 11/224 A | മനോജ് & സിബി മനോജ് | ഫ്ലാറ്റ് |
| 54 | 11/87A | ഔസേഫ് വർക്കി | |
| 55 | 13/18 B | അബ്രഹാം മത്തായി | |
| 56 | 13/129A | ബിനോയ് ജോർജ്ജ് & റോസ്മി കുര്യാച്ചൻ | |
| 59 | 6/110 B | മേരി & സെബാസ്റ്റ്യൻ | ഫ്ലാറ്റ് |
| 60 | 6/216 A | ഷാജു | ഫ്ലാറ്റ് |
| 61 | 8/25 A | ബിനോയ് ജോസ് | ഫ്ലാറ്റ് |
| 62 | 8/83 A | സലിം പി. പി. | ഫ്ലാറ്റ് |
| 63 | 8/261 A | ജോണി കെ. ജി. | ഫ്ലാറ്റ് |
| 64 | 8/267 A | ഡേവിസ് ജോർജ്ജ് | ഫ്ലാറ്റ് |

പ്രസ്തുത സ്ഥാപനങ്ങൾ കൂടാതെ അസംബ്ലി കെട്ടിടം, ഹാൾ, ആഡിറ്റോറിയം, ലോഡ്ജ് എന്നീ ഗണങ്ങളിൽ വസ്തു നികുതി അടവാക്കുന്ന ഏതാനും കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിന്റെ അനുമതി കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 10/തീ. 10-08-2023) മറുപടി ഹാജരാക്കിയില്ല. ഇവർക്ക് അടിയന്തിരമായി നോട്ടീസ് നല്കി ലൈസൻസ് പരിധിയിൽ കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ലൈസൻസ് കൂടാതെ വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഫീൽഡ് പരിശോധനയിലൂടെ ഉറപ്പാക്കാൻ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നതിന് ബന്ധപ്പെട്ടവർ ജാഗ്രത പാലിക്കേണ്ടതുമാണ്.

### 1-12 ജൽജീവൻ മിഷൻ ഗുണഭോക്തൃവിഹിതമായി പിരിച്ച തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ അവശേഷിക്കുന്നു

ജൽജീവൻ മിഷൻ പദ്ധതി നടത്തിപ്പിനുള്ള മാർഗ്ഗരേഖ പ്രകാരം 15% തുക ഗുണഭോക്താക്കളാണ് വഹിക്കേണ്ടത്. ഈ ആവശ്യത്തിനായി തൻവർഷം 119 ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കിയ ₹2,22,166/- കേരള വാട്ടർ അതോറിറ്റിക്ക് നൽകാതെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. എക്സിറ്റ് മീറ്റിംഗിൽ ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ എല്ലാ ഗുണഭോക്താക്കളിൽ നിന്നും തുക പിരിച്ചെടുക്കാൻ സാധിക്കാത്തതിനാലാണ് കേരള വാട്ടർ അതോറിറ്റിക്ക് തുക

കൈമാറാത്തതെന്ന് എന്ന് അറിയിച്ചു. ഗുണഭോക്താക്കളിൽ നിന്ന് തുക പൂർണ്ണമായും പിരിച്ചെടുത്ത് കേരള വാട്ടർ അതോറിറ്റിക്ക് തുക കൈമാറി പദ്ധതിയുടെ നേട്ടം എത്രയും പെട്ടെന്ന് തന്നെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-13 ബാറ്ററി ഓപ്പറേറ്റഡ് ഗുഡ്സ് ഓട്ടോ - സൈഡ് വേലി നിർമ്മാണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 130/23 |
| അടങ്കൽ | ₹25000/- (തനത് ഫണ്ട്) |
| വൗച്ചർ നമ്പർ | 22200408/തീ. 23.09.2022 ₹22800/- |

ഹരിത കർമ്മസേനയുടെ വാഹനത്തിന് സൈഡ് വേലി നിർമ്മിക്കുന്നതിനായുള്ള പദ്ധതിയിൽ സ്റ്റീൽ ഉപയോഗിച്ച് സൈഡ് വേലി നിർമ്മിക്കുന്നതിന് Serwell Automobiles എന്ന അപ്രൂവ്ഡ് വർക്ക് ഷോപ്പിന്റെ എസ്റ്റിമേറ്റ് പ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ തുകയായ ₹23,000/- രേഖപ്പെടുത്തിയ ഈട്ടിത്താനത്തിൽ എഞ്ചിനീയറിംഗ് വർക്സ്, തൊടുപുഴ എന്ന സ്ഥാപനം മുഖേന പ്രവൃത്തി നടപ്പാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

1. പൂർണ്ണമായും എഞ്ചിനീയറിംഗ് പ്രവൃത്തിയായിരിക്കെ ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിംഗിനെ ഒഴിവാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മെക്കാനിക്കൽ വർക്ക് ഷോപ്പിനെയാണ് ആശ്രയിച്ചത്. മാത്രമല്ല, തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ആവശ്യമായ സാധനങ്ങളുടെ അളവ് രേഖപ്പെടുത്താതെ നേരിട്ട് തുകയാണ് കണക്കാക്കിയിരിക്കുന്നത്.

2. ജി.ഒ.(പി)നം. 3/2013/എസ്.പി.ഡി./തീ. 21.06.2013 പ്രകാരമുള്ള സ്റ്റോർ പർച്ചെയ്സ് മാന്വൽ അനെക്സർ 10 പ്രകാരം ക്വട്ടേഷൻ നോട്ടീസിൽ അടങ്കൽ തുക രേഖപ്പെടുത്തേണ്ടതില്ല. എന്നാൽ പഞ്ചായത്തിന്റെ ടെണ്ടർ നോട്ടീസിൽ അടങ്കൽ തുക ഉൾപ്പെടുത്തിയാണ് പരസ്യം ചെയ്തത്. തന്മൂലം എസ്റ്റിമേറ്റ് തുക തന്നെയാണ് ക്വോട്ട് ചെയ്യപ്പെട്ടത്.

മേൽ അപാകതകളിൽ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 3/തീ. 07.08.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറെ കൊണ്ട് ചെയ്ത പ്രവൃത്തിയുടെ വാല്യുവേഷൻ എടുത്ത് അധികം നൽകിയ തുക നിർണ്ണയിച്ച് തിരികെ ഈടാക്കേണ്ടതാണ്. ₹22,800/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. വാങ്ങൽ പ്രക്രിയകളിൽ പ്രൊക്വയർമെന്റ് മാന്വൽ, പർച്ചേസ് മാന്വൽ എന്നിവയിലെ നിബന്ധനകൾ പാലിക്കാൻ തുടർന്ന് ശ്രദ്ധിക്കേണ്ടതാണ്.

1-14 ഹോമിയോ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

താഴെ പറയുന്ന പദ്ധതികൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിന് തുക മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും ബോട്ടിലും വാങ്ങുന്നിന് (14/23) BRN-22100552013900867385/തീ. 06.12.2022 പ്രകാരം ₹2,00,000/- HOMCO-യ്ക്ക് കൈമാറിയിട്ടുണ്ട്. HOMCO-യുടെ 02.08.2023-ലെ ബിൽ നം.538/2023-24 പ്രകാരം ആകെ ₹1,01,320/-യുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. അവശേഷിക്കുന്ന ₹98,680/-യുടെ മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. സീതാലയം (സ്ത്രീരോഗം ഹോമിയോപതിയിലൂടെ) (72/23) പദ്ധതിയ്ക്കായി മരുന്നുകൾ വാങ്ങുന്നതിന് BRN 22100552013901548259/തീ. 29.03.2023 പ്രകാരം ₹9,800/- HOMCO-യ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായിട്ടില്ല. ഔഷധങ്ങൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-15 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ താഴെ സൂചിപ്പിക്കുന്ന പദ്ധതികളുടെ തുകകൾ വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല.

| ക്രമ നം. | പദ്ധതി വിവരം | ബിൽ നമ്പർ/വൗച്ചർ നം. | തുക (₹) |
|---|---|---|---|

| | | | |
|---|---|---|---|
| 1 | പ്രോജക്ട് നം. 36/23 – ഐ.കെ.എം. വിഹിതം നൽകൽ<br>ഇൻഫർമേഷൻ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയത് | 22100552017000593427<br>തീ. 28.09.2022 | 32107 |
| 2 | പ്രോജക്ട് നമ്പർ 226/23<br>എസ്.എസ്.കെ. വിഹിതം - അധിക തുക അടവാക്കൽ | 22100552017001424629<br>തീ. 21.03.2023 | 9043 |
| 3 | പ്രോജക്ട് നമ്പർ 137/23 – ജലജീവൻ മിഷൻ വിഹിതം<br>(കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ തുക) | 22100552017000992053<br>തീ. 03.01.2023 | 50000 |
| 4 | കുണിഞ്ഞി നെല്ലാപ്പാറ അമ്പാട്ടുതട്ടാറ ജംഗ്ഷനിൽ കുഴൽ കിണർ നിർമ്മാണം<br>പ്രോജക്ട് നം. 7/23 | XVFC/2022-23/p/40<br>തീ. 05.01.2023 | 22000 |
| | | ആകെ | 113150 |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹1,13,150/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-16 കറവപ്പശുക്കൾക്ക് കാലിത്തീറ്റ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പദ്ധതി നം. | എസ്. 26/2022-23 |
| പദ്ധതി | കറവപ്പശുക്കൾക്ക് കാലിത്തീറ്റ |
| ബിൽ നം | 22100552020300211010/തീ. 17.06.2022, ₹121000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ക്ഷീര വികസന ഓഫീസർ |

കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം എന്ന പ്രോജക്ട് നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

പതിനാലാം പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 115/2022/ത.സ്വ.ഭ.വ./തീ. 28.05.2022 ഖണ്ഡിക 6.3 പ്രകാരം കാലിത്തീറ്റ സർക്കാർ നിശ്ചയിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് വാങ്ങേണ്ടതാണ്.

കേരള ഫീഡ്സ്, മിൽമ എന്നീ കമ്പനികൾ ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റയാണ് ഇപ്രകാരം വാങ്ങേണ്ടത്. അല്ലാത്തപക്ഷം ഗുണനിലവാരം ഉറപ്പാക്കി ടെണ്ടർ ഇ-ടെണ്ടർ മുഖേന മറ്റിടങ്ങളിൽ നിന്നും വാങ്ങാവുന്നതാണ്. അത് ക്ഷീര സഹകരണ സംഘങ്ങൾ മുഖേന വിതരണം നടത്തേണ്ടതാണ്.

1) സർക്കാർ സ്ഥാപനമായ കേരള ഫീഡ്സ് കമ്പനിയുടെ വഴിത്തലയിലെ അംഗീകൃത ഏജൻസിയായ എസ്.എസ്. ഏജൻസി മുഖേനയാണ് കാലിത്തീറ്റ ലഭ്യമാക്കിയിട്ടുള്ളത്. ₹1,271/- ആണ് യൂണിറ്റ് വില. ലഭ്യമാക്കിയ കാലിത്തീറ്റ ഒരു യൂണിറ്റ് എത്ര കിലോ എന്ന് എസ്. എസ്. ഏജൻസീസ് ലഭ്യമാക്കിയ ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല.

2) ക്ഷീര സംഘത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ലഭ്യമായതും വിതരണം നടത്തിയതുമായ കാലിത്തീറ്റയുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

3) മാർഗ്ഗരേഖ പ്രകാരം കറവയുള്ള പശുവിന് ഒരു മാസം പരമാവധി 100 കിലോ കാലിത്തീറ്റ നല്കാവുന്നതാണ്. എന്നാൽ വിതരണ രജിസ്റ്റർ ഹാജരാക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് ലഭ്യമായ കാലിത്തീറ്റയുടെ അളവ് വ്യക്തമല്ല. പ്രസ്തുത അപാകതകൾ നിലനില്ക്കുന്നതിനാൽ സബ്സിഡി നിരക്ക് പരമാവധി ₹10,000/- എന്നതിൽ നിജപ്പെടുത്തിയാണോ ആനുകൂല്യം നല്കിയത് എന്നും വ്യക്തമല്ല.

4) പദ്ധതിപ്പണം താഴെ പറയുന്ന മൂന്ന് സംഘങ്ങളുടെ അക്കൗണ്ടിലേക്കാണ് നല്കിയിട്ടുള്ളത്.

കാലിത്തീറ്റ വിതരണം ചെയ്ത സ്ഥാപനത്തിന് തുക നല്കാതെ സംഘത്തിന് തുക നല്കിയതിന്റെ കാരണം വ്യക്തമല്ല.

| | | |
|---|---|---|
| MS Nediyasala | A/c No. 338001010024036 | ₹30000 |
| The Kuninji Ksheerolpadaka Sangam | A/c No. 12017120072004 | ₹78000 |
| The Vazhithala Ksheerolpadaka Sangam | A/c No. 120176043120002 | ₹13000 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം. 5/തീ. 09.08.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ വ്യക്തമാക്കിയ അപാകതകൾ പരിഹരിക്കേണ്ടതും പദ്ധതി നടത്തിപ്പിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ തുടർ മോണിട്ടറിംഗ് ഉറപ്പാക്കേണ്ടതുമാണ്.

1-17 സബ്സിഡി അധികം നൽകി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ക്ഷീര വികസന ഓഫീസർ |
| പദ്ധതി നം. | എസ്. 95/23 |
| പദ്ധതിയുടെ പേര് | പാലിന് സബ്സിഡി (ജനറൽ) |
| | 1. ബിൽ നം. 2210055202030l279918/തീ. 02-03-2023, ₹59655/-<br>2. ബിൽ നം. 22100552020301324119/തീ. 10-03-2023, ₹53103/-<br>3. ബിൽ നം. 22100552020301429716/തീ. 21-03-2023, ₹64941/-<br>4. ബിൽ നം. 22100552020301387160/തീ. 17-03-2023, ₹49665/- |

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 28-05-2022ലെ സ.ഉ(എം.എസ്.)115/2022 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിക്കപ്പെട്ട പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 6-3(9) പ്രകാരം ഒരു ക്ഷീര കർഷകന് ഒരു സാമ്പത്തിക വർഷം നൽകാവുന്ന പരമാവധി സബ്സിഡി തുക ₹40,000/-യാണ്. എന്നാൽ താഴെ പരാമർശിക്കുന്ന ഗുണഭോക്താവിന് തൻവർഷം ₹5,408/- സബ്സിഡി ഇനത്തിൽ അധികം അനുവദിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ബാങ്ക് അക്കൗണ്ട് നം. | സബ്സിഡി ആയി അനുവദിക്കേണ്ട പരമാവധി തുക ₹ | അനുവദിച്ച തുക ₹ | അധികമായി അനുവദിച്ച തുക ₹ |
|---|---|---|---|---|
| സേതുനാഥ് പി. സി. | 40357101003101 | 40000 | 45408 | 5408 |

സബ്സിഡി പരിധി ലംഘിച്ച് അധികം നല്കിയ തുക ₹5,408/- തിരികെ ഈടാക്കേണ്ടതാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് 04/09.09.2023 ആയി എൻക്വയറി നൽകുകയും അധികം നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി ലഭ്യമാകുകയും ചെയ്തു. തുക തിരികെ അടവാക്കുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതാണ്.

1-18 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ - പ്രാരംഭ സർവ്വേ നടപടികൾ മാത്രം പൂർത്തിയാക്കിയിരിക്കുന്നു - ചെലവ് തടസ്സം

| | |
|---|---|
| പ്രോജക്ട് നം. | എസ്. 31/2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | ₹39000/- |
| ചെലവ് | ബിൽ നം. 22100552017100239696/തീ. 25.06.2022 ₹38880/- |

ഗ്രാമപഞ്ചായത്തിലെ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനുള്ള പ്രാരംഭ സർവ്വേ പ്രവർത്തനങ്ങൾക്കായി 54 ദിവസം ₹720/- നിരക്കിൽ ആളുകളെ നിയോഗിച്ച് മേൽ ബിൽ പ്രകാരം കൂലി നല്കിയിട്ടുണ്ട്. എന്നാൽ, തുടർ പ്രവർത്തനങ്ങൾക്കായി ഫണ്ട്

നീക്കി വയ്ക്കുകയോ അതിനായി പ്രോജക്ട് ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല. തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ പ്രസ്തുത ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2022-23 | 600000 | ലൈഫ് ഭവന പദ്ധതി – ജനറൽ (27/23) | 600000 | 0 |
| ജില്ലാപഞ്ചായത്ത് | 2022-23 | 1840000 | ലൈഫ് ഭവന പദ്ധതി - എസ്.സി.പി. (28/23) | 1840000 | 0 |
| ജില്ലാപഞ്ചായത്ത് | 2022-23 | 225000 | ലൈഫ് ഭവന പദ്ധതി - ടി.എസ്.പി. (28/23) | 225000 | 0 |
| ജില്ലാപഞ്ചായത്ത് | 2022-23 | 47500 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും (65/23) | 47500 | 0 |
| ജില്ലാപഞ്ചായത്ത് | 2022-23 | 73925 | ഞങ്ങളും നെൽകൃഷിയിലേയ്ക്ക് (82/23) | 73925 | 0 |
| ജില്ലാപഞ്ചായത്ത് | 2022-23 | 400000 | സുവർണ്ണ ഭവനം (85/23) | 400000 | 0 |
| ജില്ലാപഞ്ചായത്ത് | 2022-23 | 1032538 | പാലിന് സബ്സിഡി (എസ്.സി.പി) (95/23) | 1032538 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 423550 | ലൈഫ് ഭവനപദ്ധതി – ജനറൽ (27/23) | 423550 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 677800 | ലൈഫ് ഭവന പദ്ധതി – എസ്.സി.പി. (28/23) | 677800 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 101004 | ലൈഫ് ഭവന പദ്ധതി - എസ്.സി.പി. (28/23) | 101004 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 165000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും (65/23) | 165000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 14000 | അതിദാരിദ്ര നിർമ്മാർജനം (180/23) | 14000 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./തീയതി | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 137/2023 ജലജീവൻ മിഷൻ വിഹിതം | 2210055201/7000992053 തീ. 03.01.2023 | 50000 | 0 | 50000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-- ഇല്ല --

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ഇനത്തിൽ വരവ് ₹17,60,000/- വരവുണ്ട്. എന്നാൽ വാർഷിക കണക്കിൽ ₹17,70,577/- (RP-31 പത്രിക) വരവുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക വായ്പ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ട പലിശ ഉൾപ്പെടെയുള്ള വരവാണ് (1760000 + 10557). തൻവർഷ തിരിച്ചടവിന് ശേഷം നീക്കിയിരിപ്പ് ₹50,97,629/- ആണെങ്കിലും വാർഷിക കണക്കിൽ നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നത് ₹51,07,885/- ആണ്. അപാകത പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം എടുത്ത വായ്പ ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ.(എം. എസ്.) നം.68/2018/ എൽ.എസ്.ജി.ഡി തീയതി. 18.05.2018 | 0 | 3958975 | 1760000 | 621346 | 0 | 5097629 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

- ഇല്ല -

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹10,622/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2005-06 | 3-9 | 10622 | ശ്രീമതി. ജിജി തോമസ് മുൻ അസിസ്റ്റന്റ് എഞ്ചിനീയർ | 1220101137/2.9.2022 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം/ ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | സമാഹൃത റിപ്പോർട്ട് ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1 | 2006-07 2.6 | 2009-10 | 2.6 | പഞ്ചായത്ത് വക കടമുറികളുടെ വാടക – സ്റ്റാമ്പ് ഡ്യൂട്ടി – നഷ്ടം – ₹1,026/- | തുടരുന്നു |
| 2 | 2007-08 3.7 | 2010-11 | 2.14 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല പി.ഡബ്ല്യൂ.ഡി. ₹75,000/- | തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 3 | പ്രവർത്തനക്ഷമത റിപ്പോർട്ട് | 2012-13 | 3.3 | ആരോഗ്യമേഖല | തുടരുന്നു |
| 4 | വിഷയാധിഷ്ഠിത അവലോകനം | 2014-15 | അനുബന്ധം-4 | കർഷക തൊഴിലാളി പെൻഷൻ | തുടരുന്നു |

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക

എ) ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക

– ഇല്ല –

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? | സ്വയം അടവാക്കിയ തുക (രസീത് നം./തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക ₹ (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ബാദ്ധ്യത ₹ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) |
| 1 | പുറപ്പുഴ ഗ്രാമ പഞ്ചായത്ത് | 2005-06 | 3-9(1) Part | ജിജി തോമസ്, അസി. എഞ്ചിനീയർ | LF21176/ Spel. Cell/ C.Sc./ C1/09 Dt. 10.01.13 | 2819 | ഇല്ല | ഇല്ല | - | - | - | - | 2819 | - |
| 2 | | 2005-06 | 3-9(2) Part | ജിജി തോമസ്, അസി. എഞ്ചിനീയർ | LF. 21176/ Spel. Cell/ C.Sc./ C1/09 Dt. 10.01.13 | 5199 | ഇല്ല | ഇല്ല | - | - | - | - | 5199 | - |
| 3 | | 2005-06 | 3-9 പാർട്ട് 3 | ജിജി തോമസ്, അസി. എഞ്ചിനീയർ | LF 21176/ Spel. Cell/ C.Sc./ C1/09 Dt. 10.01.13 | 2078 | ഇല്ല | ഇല്ല | - | - | - | - | 2078 | - |
| 4 | | 2005-06 | 3-9 പാർട്ട് 4 | ജിജി തോമസ്, അസി. എഞ്ചിനീയർ | LF 21176/ Spel. Cell/ C.Sc./ C1/09 Dt. 10.01.13 | 526 | ഇല്ല | ഇല്ല | - | - | - | - | 526 | - |
| 5 | | 2005-06 | 3-9(3) | ജിജി തോമസ്, അസി. എഞ്ചി | LF 21176/ Spel. Cell/ C.Sc./ C1/09 | 2078 | - | ഇല്ല | - | - | - | - | 2078 | - |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നീയർ | Dt. 10.01.13 | | | | | | | | | |
| 6 | | 2005-06 | 3-9(4) | ജിജി തോമസ്, അസി. എഞ്ചി നീയർ | LF. 21176/ Spel. Cell/ C.Sc./ C1/09 Dt. 10.01.13 | 526 | - | ഇല്ല | - | - | - | - | 526 | - |
| 7 | | 2005-06 | 3-9(1) Part | റോയ് ഐസക്, അസി. എഞ്ചി നീയർ | LF. 21176/ Spel. Cell/ C.Sc./ C1/09 Dt. 24.08.13 | 2819 | - | ഇല്ല | ₹2919/- 1210101817 തീ.29.12.21 | - | - | - | ഇല്ല | - |
| 8 | | 2005-06 | 3-9(2) Part | റോയ് ഐസക്, അസി. എഞ്ചി നീയർ | LF 21176/ Spel. Cell/ C.Sc./ C1/09 Dt. 24.08.13 | 5199 | - | ഇല്ല | ₹5199/- 1210101817 തീ.29.12.21 | - | - | - | ഇല്ല | |

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹4407293.69 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹21313792.00 |
| ആകെ | ₹25721085.69 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹18873994.00 |
| നീക്കിയിരിപ്പ് | ₹6847091.69 |
| (കുറിപ്പ് – പഞ്ചായത്തിന്റെ 2022-23ലെ റെസിപ്റ്റ് & പേയ്മെന്റ് പത്രികയിലെ വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്) | |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹174830.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 22800 | ശ്രീമതി. എ. ആർ. ഉഷ, സെക്രട്ടറി |
| 1-15 | 113150 | ശ്രീമതി. എ. ആർ. ഉഷ, സെക്രട്ടറി |
| 1-18 | 38880 | ശ്രീമതി. ബുഷറ കെ., അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. എ. ആർ. ഉഷ<br>സെക്രട്ടറി | സെക്രട്ടറി<br>മണക്കാട് ഗ്രാമപഞ്ചായത്ത് | പുത്തൻ പുരയിൽ<br>മൂലമറ്റം പി. ഒ.<br>മൂലമറ്റം 685589 |
| ശ്രീ. റിന്ദ തോമസ്<br>ക്ഷീര വികസന ഓഫീസർ | ബ്ലോക്ക്പഞ്ചായത്ത്<br>തൊടുപുഴ | കേളക്കോമ്പിൽ<br>മാറിക പി. ഒ.<br>കൂത്താട്ടുകളം -686662 |
| ശ്രീമതി. ബുഷറ കെ.<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>അറക്കുളം ഗ്രാമപഞ്ചായത്ത് | ഉക്കിണിവീട്ടിൽ<br>ഇടവെട്ടി പി. ഒ.<br>തൊടുപുഴ – 685588 |

4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് (എണ്ണം) | ഖണ്ഡിക |
|---|---|---|---|
| 2005-06 | കെ.എസ്.എ.ഐ.ഡി.കെ7/691/2018/തീ. 10.05.2018 | 1 | 3-9 |
| 2006-07 | എൽ.എഫ്.ഐ.10/30/13/തീ. 07.02.2013 | 1 | 2-6 |
| 2007-08 | എൽ.എഫ്.ഐ.10/1195/11/തീ. 07.01.2012 | 1 | 3-7 |
| 2018-19 | നം.കെ.എസ്.എ-ഐ.ഡി.കെ-7/345/20 തീ. 17.06.2020 | 1 | 1-15 |
| 2019-20 | നം.കെ.എസ്.എ-ഐ.ഡി.കെ-9/595/20 തീ. 31.03.2021 | 11 | 1-9 മുതൽ 19 വരെ |
| 2020-21 | നം.കെ.എസ്.എ-ഐ.ഡി.കെ-9/1014/22 തീ. 23.07.2022 | 16 | 1-9 മുതൽ 1-26 വരെ |
| 2021-22 | കെ.എസ്.എ.-ഐ.ഡി.കെ.പി.3-16/2023, തീയതി: 08/03/2023 | 23 | 1-1 മുതൽ 1-23 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 07-07-2023 and submitted on 11-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Purapuzha Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Purapuzha Grama Panchayat for the year 2022-2023

Date: 01/11/2023

Deputy Director
District Office Idukki
Kerala State Audit Department

### Audit Report appended to the Audit Certificate of Purapuzha Grama Panchayat for the Year 2022-2023.

**1.Major Observations**

1. All Mandatory Financial Statements prescribed in accounting rules are not submitted for audit.
2. Discrepancies/omissions in carrying forward of the closing balance in the previous year to current year trial balance.
3. Non-disclosure of assets. Asset register is not comprehensive and up to date.

**2.Other Observations**

1. Payment vouchers Misclassification.
2. Register, viz., Advance register, Loan register, Stock register, A.C.R. etc., are not maintained correctly and or does not match with accounts.
3. Lack of authenticated journal vouchers for supporting the adjustment entries, and those recorded in Prior Period Items.

DEPUTY DIRECTOR

IDUKKI

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

ഇടുക്കി ജില്ലയിലെ പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്